# അക്കാദമിക
# മാസ്റ്റർ
# പ്ലാൻ
# 2025-2026

# ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച്, സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. വ്യക്തികളുടെ വികാസത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വയ്ക്കുന്നത്. വികസനോന്മുഖമായ ഒരു സമൂഹനിർമ്മിതിക്ക് ഉതകുന്നവിധത്തിൽ വിദ്യാഭ്യാസ പ്രക്രിയയെ രൂപകൽപന ചെയ്യേണ്ടതുണ്ട്.

കേരളം മറ്റു പല രംഗങ്ങളിലുമെന്ന പോലെ വിദ്യാഭ്യാസ രംഗത്തും ഉജ്ജ്വല നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. വിവിധ സർക്കാരുകളുടെ വികസനാത്മകമായ ഇടപെടലുകളും പ്രബുദ്ധരായ സമൂഹത്തിന്റെ സഹകരണവും സഹായങ്ങളും വിദ്യാഭ്യാസ വകുപ്പിന്റെ നേതൃപരമായ പങ്കും ഇവിടെ നടപ്പാക്കിയ വിവിധ പ്രോജക്ടുകളും ഈ പുരോഗതിക്ക് കാരണമായിട്ടുണ്ട്. അതിലെല്ലാമുപരി അധ്യാപക സമൂഹത്തിന്റെ അക്ഷീണ പ്രയത്നം ഇതിനു ഉത്തേജകമായിട്ടുണ്ട്.

ലോകത്തിനാകമാനം കേരളം മാതൃകയാണെന്ന് അഭിമാനം കൊള്ളുമ്പോഴും വിദ്യാഭ്യാസ രംഗത്ത് നാം കൈവരിച്ച നേട്ടങ്ങൾ ഓരോ വിദ്യാർത്ഥിക്കും ദേശ, ജാതി, വർഗ, വർണ, ലിംഗ ഭേദമന്യേ ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് ചിന്തിക്കേണ്ടതുണ്ട്.

വിദ്യാഭ്യാസ അവകാശ നിയമത്തിൽ പരാമർശിക്കുന്ന വിദ്യാർത്ഥികളുടെ അവകാശമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും എന്ന ലക്ഷ്യം ഇനിയും പ്രാപ്യമാവേണ്ടതുണ്ട്. ~~ഇനിയും~~ ഇതിന് വേണ്ടി തയ്യാറാക്കുന്ന അക്കാദമിക് മാസ്റ്റർ പ്ലാൻ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ആസൂത്രണപരമായ പ്രധാന രേഖയാണ്.

## ലക്ഷ്യങ്ങൾ

* ഓരോ വിദ്യാർത്ഥിക്കും വിദ്യാലയത്തിലെയും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാകുന്നു.
* വിദ്യാലയത്തിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
* വിദ്യാർത്ഥികൾക്ക് ക്ലാസ്മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കല, കായിക, പ്രവൃത്തിപരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
* വിദ്യാലയത്തിലെ പഠനപിന്തുണാ സംവിധാനങ്ങളായ ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരു പോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
* സുസ്ഥിര വികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ (കളിസ്ഥലങ്ങൾ, ഉദ്യാനം, മൈതാനം) എന്നിവ വിദ്യാർത്ഥി സൗഹൃദമായി രൂപകൽപന ചെയ്യുകയും വിദ്യാർത്ഥികളോടൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാക്കുന്നു.

* പഠനം ആയാസരഹിതവും ആഹ്ലാദകരവും ആക്കാൻ ICT സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തും.
* പഠനയാത്രകൾ സംഘടിപ്പിച്ച് കണ്ടും കേട്ടും നിരീക്ഷിച്ചും പഠനം ഉറപ്പാക്കും.
* ഓരോ അധ്യാപികയും ആധുനിക സാങ്കേതിക വിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.
* പാർശ്വവൽക്കരിക്കപ്പെട്ട പ്രത്യേക പരിഗണന അർഹിക്കുന്നവരുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.
* വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലും വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
* ഓരോ വിദ്യാർത്ഥിയും ഓരോ യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.
* നിരന്തര മൂല്യനിർണയം നടത്തി വിലയിരുത്തൽ പട്ടിക തയ്യാറാക്കുകയും ചെയ്യുക.
* ശാസ്ത്രമേളകളിലും ക്ലബ്ബ് പ്രവർത്തനങ്ങളിലും സയൻസ് ലാബ് പ്രവർത്തനങ്ങളിലും പരമാവധി കുട്ടികളെ പങ്കെടുപ്പിച്ച് പഠന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നു.

# പരിസരപഠനം

| പ്രകൃതി നടത്തം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| നിരീക്ഷണം-അറിവ് നിർമാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM CPTA | PTA |
| **ശാസ്ത്രമേള** | | | | |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | PTA SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കൽ, അന്വേഷണാത്മകത വളർത്തൽ | വാനനിരീക്ഷണകേന്ദ്രം, സയൻസ് പാർക്ക് --- ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM SRG CPTA ക്ലാസ് ടീച്ചർ | PTA രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| ഭൂഗോളം-ഗ്ലോബ്-ഭൂപടവായന-സൂചിക-പരിചയപ്പെടൽ | ഭൂപട വായന ഭൂപട രചന സൂചികാനിർമാണം | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചിത്രങ്ങൾ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, മോഡൽ, പഠനോപകരണം - പ്രദർശനം | വർഷത്തിലൊരിക്കൽ | HM SRG ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ നിർമാണം | ശാസ്ത്ര മാസികകളുടെ നിർമാണം | വർഷത്തിലൊന്ന് | HM | PTA |

# മലയാള ഭാഷ

## മധുരം മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതു വരെ | SRG ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം. ക്ലാസ് ലൈബ്രറി ഒരുക്കൽ. പുസ്തക പരിചയം, വായനാ കുറിപ്പ്, ആസ്വാദന കുറിപ്പ് പുസ്തക സംവാദം, ആനുകാലിക വായന. | വർഷം മുഴുവൻ | HM SRG class Teacher CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം | SRG ക്ലാസ് ടീച്ചർ | PTA |
| **എഴുത്തുകാരുമായി സംവദിക്കാൻ** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ സാഹിത്യകാരന്മാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | class Teacher | |
| **കണ്ടറിയാം കേട്ടറിയാം** | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | class Teacher | PTA |
| **രുചിച്ചറിയാം** | | | | |
| നമ്മുടെ പ്രാചീന ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള-പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊരിക്കൽ | SRG class Teacher PTA | |

| | | | | |
|---|---|---|---|---|
| **ഓർക്കാം - അഭിമാനിക്കാം** | | | | |
| സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ, ഡോക്യുമെന്ററി പ്രദർശനം | ആവശ്യാനുസരണം | SRG class Teacher CPTA | |
| **കലക്കൂട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | കലാവതരണം. ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM SRG CPTA class Teacher | PTA |
| **സർഗ്ഗോത്സവം** | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM SRG CPTA class Teacher | PTA |

# ഗണിതം

## കളിക്കാം...ഗണിക്കാം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കാൻ | വിവിധതരം കളികൾ ആസൂത്രണം ചെയ്തു നടപ്പാക്കൽ- ക്ലാസിൽ നായം | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കാൻ- അം ചിന്ത ശേഷി വികസനം | ഒറിഗാമി രൂപങ്ങളുടെ നിർമാണം, പ്രദർശനം | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | PTA |
| **ഗണിത ലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കാൻ | ഗണിത ലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത മൂല്യങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിതച്ചുമർ ഒരുക്കൽ, ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണ ശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കാൻ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമാണം- പ്രദർശനം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| **ഗണിതമേള** | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി, പസിൽ, പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ | PTA |

# English

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഇംഗ്ലീഷ് അസംബ്ലി** | | | | |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ 2 ദിവസം അസംബ്ലി | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് ഡയറി** | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടന്ന പ്രവർത്തനം ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതണം. | ആഴ്ചയിൽ 3 ദിവസം | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് തിയേറ്റർ** | | | | |
| സർഗാത്മകതാ ശേഷി പോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |
| **ഇംഗ്ലീഷ് മാഗസിൻ** | | | | |
| സർഗാത്മകതാ രചനാശേഷി വികസനം | 3 മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | SMC |
| **ഇംഗ്ലീഷ് കൈയെഴുത്ത്** | | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സൃഷ്ടികളുമായി [illegible] | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| **ഇംഗ്ലീഷ് കോർണർ** | | | | |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് സമാഹാരങ്ങളുമായി കൺകിടപ്പാട് | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷ താക്ക |
| **ഇംഗ്ലീഷ് ഫെസ്റ്റ്** | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കാൻ | വായനാ മത്സരം, രചനാ മത്സരം, മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | അവധിക്കാലം | | |

# MATHS

* അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു.

ഗണിത ശിൽപശാല : കുട്ടികളുടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. [നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ്, .... ഉപയോഗിക്കുന്നു] [June]

* രസകരമായ ഗണിത ശാസ്ത്ര പഠനവും അവബോധ ശേഷികളുടെ വികാസവും.

ഒറിഗാമി ശിൽപശാല : ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ ചർച്ച ചെയ്യൽ.

* ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ.

* ഗണിതം മധുരമാക്കൽ.

ഗണിത പാർക്ക് : ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ.

* ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു.

I.T. സാധ്യതകളിലൂടെ : ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതു പോലുള്ള പ്രവർത്തനങ്ങൾ I.T സാധ്യതകൾ ഉപയോഗപ്പെടുത്തി കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു.

* ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തുന്നു.

ഗണിത ക്ലിനിക്ക് : ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു.

* വിവിധ ശേഷികളുടെ വികാസം.

ദിനാചരണം : ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRGയിൽ ആസൂത്രണം ചെയ്യുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു.

# SOCIAL SCIENCE

* സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാന തല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ.

അക്കനാട്ട് - കളിയിൽ നിന്ന് കാര്യത്തിലേക്ക് : സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട പഠിതാവിന്റെ അടിസ്ഥാന തല അറിവ് പരിശോധിക്കുന്നതിന് പ്രഹേളികൾ ഓരോ പഠിതാവിനും നൽകുന്നു.

രാഷ്ട്രചെസ്സ് : അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ അടിസ്ഥാനമാക്കി ICT സാധ്യതകളുപയോഗിച്ച് Memory test നടത്തുന്നു.

* പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക.

Virtual Field Trip : ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു.

* ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക.

വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക് : ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ രക്ഷിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു.

* പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു.

പ്രകൃതി താണ്ഡവം : നേർക്കാഴ്ച : ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് മനസിലാക്കുകയും ചെയ്യുന്നു.

* വിവര വിനിമയസാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും നെറ്റ് സുരക്ഷയെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു.

* സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു.

* ജൈവ ഇടങ്ങളെ : ( ഫീൽഡ് ട്രിപ്പ്, സർവ്വേ ):
പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി Report തയ്യാറാക്കുന്നു.

* സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പൈതൃകവിജ്ഞാനം വളർത്തിയെടുക്കുന്നു.

# BASIC SCIENCE

* ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടു- കളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ.

നിശാഗന്ധി- ജൈവവൈവിധ്യ പാർക്ക് : ഔഷധ തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം, ജൈവ വേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈ- വിധ്യ പാർക്ക് നിർമ്മാണം.

അറിവിലേക്കൊരു യാത്ര : വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീ- ക്ഷണം, പ്രകൃതിയെ അറിയാൻ യാത്രകൾ.

പരീക്ഷണങ്ങൾ : നിത്യ ജീവിതത്തിൽ പരിചി- തമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലളിത പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ട്രിക്കുകൾ അ- വതരിപ്പിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു.

* ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള ശേഷി വർദ്ധിപ്പിക്കുക.

എക്സ്പോ - എക്സ്പ്ലോർ : ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പ്രദർശന

# HINDI

* ഹിന്ദി അക്ഷരമാല തെറ്റുകൂടാതെ എഴുതാനും വായിക്കാനും സംസാരിക്കാനും പഠിക്കുക.
* അനുദിന ജീവിതത്തിൽ കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.
* വായനാ കാർഡ് നിർമ്മാണം.
* ഹിന്ദി ദിനാചരണങ്ങൾ
* ഹിന്ദി സാഹിത്യകാരൻമാരുടെ പേര്, ചിത്രങ്ങൾ ആൽബത്തിൽ എഴുതുക.
* കാർഡ് നിർമ്മാണം, പദ നിർമ്മാണ മത്സരം, അക്ഷരകളി. ICT സാധ്യത, ദൃശ്യോപകരണങ്ങൾ പരിചയപ്പെടൽ.
* പദസമ്പത്ത്, ജോട്ടുണ്ട്, പദക്കളി, ഡയറി എഴുത്ത്, പ്രാദേശിക പദങ്ങൾ കണ്ടെത്തൽ, പോസ്റ്റർ.
* വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.
* ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിചയിക്കാനുള്ള അവസരം.
* CWSN കുട്ടികളുടെ പങ്കാളിത്തം.

# English

* Audio video clipping on Correct Pronunciation.
* ICT Facilities
* Dramatisation of stories and enacting them.
* Conducting debates and Seminars.
* Conducting English Test.
* Special coaching classes for slow pace learners.
* Introducing English library.
* English book Exibition.
* Word games.
* Spelling contests.
* Making cross word Puzzles.
* Dictionary making using the words of the text book.
* Making Sentance Card.
* Writing with ICT facilities.
* English Diary.

* ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു.

**Lend Your Ear** : ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ്സ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു.

**Follow Me If you Can!**
ഇംഗ്ലീഷിൽ നൽകുന്ന നിർദേശങ്ങളനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു.

**Breaking News** : ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. (ഉച്ചാരണം)

**Missing Man** : സംഭാഷണം കേൾപ്പിക്കുന്നു. തുടർന്ന് ഒരാളുടെ സംഭാഷണം നീക്കം ചെയ്ത് അത് തയ്യാറാക്കാനുള്ള അവസരം നൽകുന്നു.

ഭാവാത്മക വായന പരിശീലിപ്പിക്കുന്നു.

**I Too Can!** : വായന കാർഡ് വായന.

**Reader of the month** : English ദിനപത്രം നൽകി Reader of Month ആദരിക്കുന്നു.

തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു.

My Droplets : കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, മിനി ഡിക്ഷനറി തയ്യാറാക്കുന്നു.

Alert zone : സൂചനാ ബോർഡ്, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ പ്രദർശിപ്പിക്കുന്നു.

Run Baby Run : ചാർട്ടിൽ എഴുതിയ വാക്കുകൾ ഒരുപ്രാവശ്യം വായിച്ച് മറ്റൊരു ചാർട്ടിലേക്ക് തെറ്റ് കൂടാതെ എഴുതുന്നു.

# വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം

## മലയാളം

ലക്ഷ്യങ്ങൾ : മുഴുവൻ കുട്ടികൾക്കും സർഗാത്മക രചനയ്ക്കുള്ള അവസരം നൽകുക.

* എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.
* എല്ലാ കുട്ടികളും അർത്ഥം പൂർണമായി വായിക്കുന്നു എന്ന് ഉറപ്പ് വരുത്തുക.
* സാഹിത്യാഭിരുചി വളർത്താനുള്ള പ്രവർത്തനങ്ങൾ കണ്ടെത്തുക.
* ഭാഷാ ശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാഭ്യാസ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
* മലയാളവുമായി ബന്ധപ്പെടുത്തി സ്കൂൾ പഠനാന്തരീക്ഷം ആകർഷണീയമാക്കൽ.
* വ്യത്യസ്ത സാഹിത്യതലങ്ങൾ പരിചയപ്പെടുത്തുന്നതിന് കലാരൂപങ്ങൾ ഉൾപ്പെടുത്തി കൊണ്ട് കലാമേള നടപ്പാക്കുക.
* സാഹിത്യകാരൻമാരുടെ ചിത്രങ്ങൾ, കഥാസന്ദർഭങ്ങൾ എന്നിവ ഉൾപ്പെടുത്തി സ്കൂൾ ചുവരുകളിൽ ചിത്രങ്ങൾ വരയ്ക്കുന്നു-

| ലക്ഷ്യം | പ്രവർത്തനം |
|---|---|
| * ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. അനായ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | എന്റെ അവധിക്കാലം : പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. (June)<br><br>ഭാഷാ കേളി : അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷര ശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. (June) |
| * പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പു വരുത്തുക. | വാർത്താലോകത്തേക്ക് : പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുന്നു. (എല്ലാ ദിവസവും) |
| * സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗശേഷി വളർത്തൽ. | സംവാദം /അഭിമുഖം : സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. |

| | |
|---|---|
| * പഠിതാക്കളുടെ കലാവാസന പരിപോഷിപ്പിക്കൽ | സംഘടിപ്പിക്കാം:<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ, തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. |
| * ലൈബ്രറി | * ഭാഷാപരമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി വർക്ക് ബുക്കുകൾ ഉപയോഗിക്കുന്നു.<br>* കുട്ടികൾ ഒഴിവ് സമയങ്ങളും വന്ന് വായിക്കുന്ന രീതിയിലൂടെ വായനാമൂല സജ്ജീകരിക്കുന്നു.<br>• വിവിധ നിലവാരക്കാർക്ക് അനുയോജ്യമായ പുസ്തകങ്ങൾ, മാഗസിനുകൾ എന്നിവ ലഭ്യമാക്കുന്നു. |